**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകളിൽ തനതു ഫണ്ടിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകൾക്ക് തനതു ഫണ്ടിന്റെ കുറവ് മൂലം ക്ഷേമ സേവന മേഖലകളിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ ഇത്തരം പഞ്ചായത്തുകൾക്ക് പ്രത്യേക സഹായനിധി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) | ചമ്പക്കുളം, എടത്വ, കൈനകരി, കാവാലം, നെടുമുടി, മുട്ടാർ, നീലംപേരൂർ. പുളിങ്കുന്ന്, രാമങ്കരി, വെളിയനാട്, തകഴി, തലവടി എന്നീ കുട്ടനാടൻ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് കുറവാണ്. 2020-21 സാമ്പത്തിക വർഷം ടി പഞ്ചായത്തുകളിൽ നെടുമുടി, പുളിങ്കുന്ന്, തലവടി എന്നീ പഞ്ചായത്തുകൾ ഒഴികെ മറ്റ് പഞ്ചായത്തുകൾ വിടവ് നികത്തൽ ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ മുട്ടാർ ഗ്രാമപഞ്ചായത്തിന് വിടവ് നികത്തൽ ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷം വിടവ് നികത്തൽ ഫണ്ടിനായി അപേക്ഷ നാളിതുവരെ ക്ഷണിച്ചിട്ടില്ല. |
| (ബി) | ആറുകളിൽ അടിഞ്ഞു കൂടി കിടക്കുന്ന ആറ്റ്മണൽ ലേലം ചെയ്തു നൽകുന്നതിന് കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ